ഭരണപരിഷ്കാര മോണിറ്ററിംഗ് കമ്മീഷൻ

3 (5660) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി ഭരണ പരിഷ്കാര മോണിറ്ററിംഗ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സെക്രട്ടറിയേറ്റിൽ നിന്നും കൂടുതൽ അധികാരങ്ങൾ ഡയറക്ടറേറ്റുകളിലേക്ക് വിനൃസിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ;

(സി) ഭരണപരിഷ്ക്കാര കമ്മീഷനുകളുടെ റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഇനി നടപ്പിലാക്കാനുള്ളത് ;

(ഡി) ഭരണ പരിഷ്ക്കാര നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മോണിറ്ററിംഗ് കമ്മീഷൻ രൂപീകരിച്ചിട്ടില്ല. എങ്കിലും ഭരണപരിഷ്കാര കമ്മിറ്റികളുടെ ശുപാർശകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്), പൊതു ഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി മെമ്പർ ആന്റ് കൺവീനർ ആയും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ജി.ഒ.(എംഎസ്.) നമ്പർ.15/2010/ഉ.ഭ.പ.വ. തീയതി 5-5-2010 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മൂന്നാമത് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ഒന്നാമത്തെയും പതിമൂന്നാമത്തെയും റിപ്പോർട്ടുകളിലെ അധികാര വികേന്ദ്രീകരണം സംബന്ധിച്ച ശുപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പ് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സെൻ കമ്മിറ്റി ശുപാർശ പ്രകാരമുള്ള നിർദ്ദേശങ്ങളിൽ മേൽനടപടി സ്വീകരിക്കുകയും നടപടി എടുക്കാത്തവയിൽ തീരുമാനം നടപ്പാക്കിവരികയും ചെയ്യുന്നുണ്ട്.

(സി) റവന്യൂ, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശകൾ ഉദ്യോഗസ്ഥതല പരിഷ്ക്കാരം സംബന്ധിച്ച ഒൺപതാമത് റിപ്പോർട്ടിലെ ശുപാർഷകൾ സെക്രട്ടേറിയറ്റ് പരിഷ്കാരം സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ നവീകരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്.

(ഡി) ഭരണ പരിഷ്ക്കാര നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണ പരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച് ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച് ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോയെന്ന് അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരുമോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർവാഹനങ്ങളിലെ ബോർഡുകൾ

4 (5661) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന ബോർഡിനു പകരം ബന്ധപ്പെട്ട വകുപ്പുകളുടെ ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) സർക്കാർ തീരുമാനം ലംഘിച്ച് ഇപ്പോഴും ബോർഡ് പ്രദർശിപ്പിക്കുന്ന വകുപ്പുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) വയനാട് ജില്ലയിൽ നിന്നും സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷം എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് ?

ഉത്തരം

(എ) 25-2-1994 തീയതിയിലുള്ള 5280/എം2/94/പി.ഡബ്ല്യു.&റ്റി നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) സർക്കാർ വാഹനങ്ങളിൽ കേരള സർക്കാർ എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly